## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2847 — 07.12.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയിലെ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഗീതാ ഗോപി** | | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷീരമേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി കൂടുതൽപേർ ഈ മേഖലയിലേക്ക് കടന്നുവരുന്നുണ്ടോ; അത് കാരണം സംസ്ഥാനത്തെ പാലുൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | യുവജനങ്ങൾ ക്ഷീരമേഖലയിലേയ്ക്ക് സ്വയംതൊഴിൽ സംരംഭകരെന്ന നിലയിൽ കൂടുതലായി കടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | പുതുതായി ക്ഷീരമേഖലയിലേയ്ക്ക് വരുന്ന യുവജനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ;നാളിതുവരെ എത്ര പേർക്കാണ് പരിശീലനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), അമ്മകണ്ടകര (പത്തനംതിട്ട), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നു വരുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ നാളിതുവരെയായി 1604 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | നിലവിലുള്ള പരിശീലന സൗകര്യങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലുള്ള പരിശീലന സൗകര്യങ്ങൾ പൂർണ്ണമായും പര്യാപ്തമാണെന്ന് കരുതുന്നില്ല. പരിശീലന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സംസ്ഥാന പ്ലാൻ ഫണ്ട് വിനിയോഗിച്ച് എല്ലാ പരിശീലന കേന്ദ്രങ്ങളിലും സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചു വരികയാണ്. ക്ലാസ് മുറികൾ പൂർണ്ണമായും സ്മാർട്ട് ക്ലാസ് റൂമുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ RKVY, RIDF പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിലുള്ള പരിശീലന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | പരിശീലന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്ലാസ് റൂമുകളിൽ ആഡിയോ, വിഷ്വൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സ്മാർട്ട് ക്ലാസ്റൂമുകൾ സ്ഥാപിക്കുകയും കൂടുതൽ ഫലപ്രദമായ രീതിയിൽ ക്ഷീരകർഷകർ, സ്വയംതൊഴിൽ സംരംഭകർ, ക്ഷീരസംഘം ഭാരവാഹികൾ, ജീവനക്കാർ, വകുപ്പ് ഉദ്യോഗസ്ഥർ, തുടങ്ങിയവർക്ക് പരിശീലനം നൽകിവരികയും ചെയ്യുന്നു. |
| (ഇ) | സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഇ) | സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം, കൊഴുപ്പ്, കൊഴുപ്പിതര ഖര പദാർത്ഥങ്ങൾ എന്നിവ പരിശോധിച്ചാണ് കർഷകർക്ക് വില നൽകുന്നത്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസിലേയും, ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റിലേയും ഉദ്യോഗസ്ഥർ ക്ഷീരസംഘങ്ങളിൽ കൃത്യമായ പരിശോധനകൾ നടത്തി അവിടെ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരമാവധി ഉറപ്പുവരുത്തുകയും കൂടാതെ കർഷകർക്ക് ഗുണമേന്മയുള്ള പാൽ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനുവേണ്ട ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (എഫ്) | സംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംഘം ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നുണ്ടോ എന്നറിയിക്കാമോ? | (എഫ്) | ക്ഷീരസംഘം ജീവനക്കാർക്ക് ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വിവിധങ്ങളായ പരിശീലനങ്ങൾ നൽകുന്നുണ്ട്. കൂടാതെ മിൽമയുടെ ആഭിമുഖ്യത്തിൽ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംഘം സെക്രട്ടറിമാർ, പ്രസിഡന്റുമാർ, ടെസ്റ്റർമാർ തുടങ്ങിയവർക്കായി പരിശീലനം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**